പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2123 | 13/06/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്താൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ? | എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ വീതവും, കൂടാതെ 14 ജില്ലകളിലുമായി 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരും നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ ഓഫീസർമാരും കൂടാതെ 12 നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 141 ഭക്ഷ്യ സുരക്ഷാ ഓഫീസർമാർക്ക് പി.എസ്.സി മുഖാന്തിരം പുതുതായി നിയമന ഉത്തരവ് നൽകുകയും അതിൽ 117 പേർ നിയമപ്രകാരമുള്ള മൂന്നു മാസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കി ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ പ്രവർത്തിക്കുന്നു.<br><br>ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് NABL അക്രെഡിറ്റേഷനുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. കൂടാതെ പത്തനംതിട്ടയിൽ ജില്ലാ ഫുഡ്ടെസ്റ്റിംഗ് ലാബും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മൊബൈൽ ഫുഡ്ടെസ്റ്റിംഗ് |

| | | | |
|---|---|---|---|
| | | | ലാബും പ്രവർത്തിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ മാനദണ്ഡങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഫൈൻ ചുമത്തുന്നതും കൂടാതെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ലൈസൻസിംഗ് റെഗുലേഷൻസ് അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിന് നോട്ടീസുകൾ നൽകി, തുടർ പരിശോധനകൾ നടത്തുന്നുണ്ട്. ലാബ് പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ ഭക്ഷണ സാധനങ്ങൾ ഉല്പാദിപ്പിക്കുന്നവർക്കെതിരെയും അവ വിൽക്കുന്നവർക്കെതിരെയും അഡ്ജ്യൂഡിക്കേഷൻ നടപടികളും, Unsafe എന്ന റിപ്പോർട്ട് ലഭ്യമാകുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ